തുറമുഖ വകുപ്പിലെ ഒഴിവുകൾ

89 (2567) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തുറമുഖവകുപ്പിൽ നിലവിലുള്ള ഒഴിവുകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) 'സീമാൻ' തസ്തികയിൽ കഴിഞ്ഞ 4½ വർഷത്തിനുള്ളിൽ എത്ര പേർക്ക് നിയമനം ലഭിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) 'സീമാൻ' തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ)

പോർട്ട് ഓഫീസർ	2
എഞ്ചിനീയർ ഇൻ ചാർജ്	1
ഓഫീസർ ഇൻ ചാർജ്	4
കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II	1
വാർഫ് സൂപ്പർവൈസർ	1
ഡ്രൈവർ LMV	2
ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്-കം-ക്ലാർക്ക്	1
ലൈറ്റ് കീപ്പർ ആന്റ് സിഗ്നലർ	2
നൈറ്റ് വാച്ച് മാൻ	2
ഫിറ്റർ	2
മെക്കാനിക്കൽ കാർപ്പെന്റർ	1
വെൽഡർ	2
മെക്കാനിക്ക്	1
ഫ്യൂൺ	2
സീമാൻ	39
ആകെ	62

(ബി) 31 പേർക്ക് നിയമനം ലഭിച്ചു. 3 പേരുടെ നിയമനം റിപ്പോർട്ട് ചെയ്തെങ്കിലും പി.എസ്.സി. ഇതുവരെ നടത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) നിലവിൽ 31 സീമാൻമാർ ഉണ്ടെങ്കിലും അവരെതന്നെ പോസ്റ്റ് ചെയ്യാൻ മാത്രം ജലയാനങ്ങൾ പോർട്ട് വകുപ്പിൽ ഇപ്പോൾ പ്രവർത്തിക്കുന്നില്ലാത്തതിനാൽ കൂടുതൽ ജലയാനങ്ങൾ പോർട്ട് വകുപ്പിൽ പ്രവർത്തനം തുടങ്ങുന്ന മുറയ്ക്ക് ആവശ്യമായ തസ്തികകളിൽ പി.എസ്.സി.മുഖാന്തിരം നിയമനം നടത്താൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

യുവജനക്ഷേമത്തിനായി നടപ്പിലാക്കിയ പ്രവർത്തനങ്ങൾ

90 (2568) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം യുവജനക്ഷേമത്തിനായി ആവിഷ്ക്കരിച്ചതും നടപ്പിലാക്കിയതുമായ പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് യുവകർമ്മസേന പ്രവർത്തിച്ചുവരുന്നുണ്ടോ; സേന ലഭ്യമാക്കുന്ന സേവനങ്ങൾ എന്തെല്ലാമാണ്?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് വഴി യുവജനങ്ങളുടെ ക്ഷേമത്തിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. യുവശക്തി
2. കേരളോത്സവം
3. ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് യുവകർമ്മസേന
4. കൗമാര പ്രായക്കാരുടെ ശാക്തീകരണം
5. സ്വയംതൊഴിൽ പരിശീലന പദ്ധതി
6. മദ്യം, മയക്കുമരുന്ന്, വർഗ്ഗീയത, തീവ്രവാദം എന്നിവക്കെതിരായ ബോധവൽക്കരണ പരിപാടികൾ
7. സാഹസിക പ്രവർത്തനങ്ങൾ
8. യുവജന പ്രവർത്തനങ്ങൾ നടത്തുന്ന മികച്ച ക്ലബ്ബിനും/ സന്നദ്ധസംഘടനയ്ക്കും വ്യക്തിക്കും യൂത്ത് അവാർഡ്
9. ദേശീയോദ്ഗ്രഥന ക്യാമ്പുകൾ സംഘടിപ്പിക്കൽ
10. യുവമാധ്യമ പ്രവർത്തക ക്യാമ്പ്
11. യുവാക്കൾക്കായി എക്സിബിഷൻ
12. നാടൻ കലകളിൽ പരിശീലനം
13. തൊഴിൽ മേളകൾ സംഘടിപ്പിക്കൽ

LIBRARY ARCHIVES Kerala Legislative Assembly